സാവിത്രി അദ്ദേഹത്തോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു. ആ ക്ഷമാമൂർത്തിയും സ്നേഹമൂർത്തിയുമായ സ്ത്രീയുടെ പരിചാരണയേല്ക്കുമ്പോൾ തനിക്കു മരണമുണ്ടാവില്ല എന്ന് കവി ഉറച്ചു വിശ്വസിച്ചിരുന്നു.

’അന്തരിക്കില്ലേവം ഭവാൻ
പിറക്കും നമുക്കു നൂറുണ്ണികൾ കവിതകൾ’.

(സാവിത്രി, 2010: 900)

വൈലോപ്പിള്ളിക്കവിതകളിൽ പ്രത്യക്ഷപ്പെടുന്ന ‘ഞാൻ’ എന്ന പുരുഷകഥാപാത്രത്തിനു തന്റെ കലാകാമിനിയെയല്ലാതെ മജ്ജയും മാംസവുമുള്ള സ്ത്രീയെ ഉള്ളഴിഞ്ഞു സ്നേഹിക്കാനോ അവളുടെ തൃഷ്ണകളെ മനുഷ്യസ്വഭാവമായിക്കണ്ടു തൃപ്തിപ്പെടുത്താനോ കഴിയുന്നില്ല. ‘പൊരുത്തപ്പെടാത്ത ജീവിതവീക്ഷണങ്ങളോടുകൂടിയ വ്യക്തികൾ സഹവർത്തിത്വനയമനുസരിച്ച ദാമ്പത്യബന്ധം പേറി തളരുന്നതിന്റെ ഹൃദയസ്പർശിയായ ശോച്യത കണ്ണീർപ്പാടം, യുഗപരിവർത്തനം മുതലായ പല കവിതകളിലും അനുരണനം ചെയ്യുന്നു’ എന്ന് ഡോ.എം. ലീലാവതി നിരീക്ഷിക്കുന്നുണ്ട്. തന്റെ ബലഹീനത മറച്ചുവെച്ചുകൊണ്ട് സ്ത്രീയെ ആസക്തിയുടെ മൂർത്തരൂപമായിക്കണ്ട് അവളിൽ പഴിചാരാനാണ് കവിക്കു തിടുക്കം. ‘ഋശ്യശൃംഗൻ’ പോലുള്ള നാടകം എഴുതിയതുതന്നെ സ്ത്രീതൃഷ്ണകളുടെ സർവ്വനാശകാരിയായ രൂപവും ഭാവവും ആ ആസക്തിയുടെ ഫലവും എടുത്തു കാണിക്കാനാണ്. കലാകാരനായ പുരുഷന്റെ കാവ്യഭാവനകളെയോ കാവ്യജീവിതത്തെയോ മനസ്സിലാക്കാനുള്ള സിദ്ധിയില്ലാത്ത സ്ത്രീയോടൊത്തു ജീവിതം ദുസ്സഹമാക്കാനാണ് തന്റെ വിധി എന്നദ്ദേഹം നിരാശയോടെ തിരിച്ചറിയുന്നു. ഇത്തരത്തിലുള്ള ദാമ്പത്യത്തിൽ സ്നേഹം കത്തിത്തീരുകയും നയവും അഭിനയവും ഏറുകയും ചെയ്യുമെന്നു കവിക്കറിയാം.

’നിയമം നിറവേറ്റലെത്രയിദ്ദാമ്പത്യത്തിൽ

നയമെത്രയാണഭിനയമെത്രയാണെന്നും
കഴിച്ചുകഴിച്ചു നാമനിഷ്ട സ്മൃതികൾ ത-
ന്നഴക്കു പരതിച്ചെന്നെത്തുന്നു നരകത്തിൽ'

(കണ്ണീർപ്പാടം, 2010 : 442)

ജീവിതമെന്ന കലയാണ് ഏറ്റവും ശ്രേഷ്ഠമെന്ന കവിക്കറിയാം. അതു ഭംഗിയായി ഒരു തുള്ളിപോലും ബാക്കിവെയ്ക്കാതെ ആസ്വദിക്കാൻ ശ്രമിക്കുന്ന കവിയെ ഊഞ്ഞാലിൽ പോലുള്ള കവിതകളിൽ കാണാം.പക്ഷേ തന്റെ സ്വതന്ത്രമായ ലൈംഗികതാല്പര്യങ്ങളും ജീവിതാസക്തികളും പൂർണ്ണമായും ആസ്വദിക്കാൻ കവി ശ്രമിച്ചിരുന്നില്ല. സ്വന്തം മാതാപിതാക്കളുടെ വേർപിരിയലുകളും തുടർന്നുണ്ടായ മാനസിക സംഘർഷങ്ങളും തന്റെ കുട്ടിക്കാലത്തു മനസ്സിലേൽപ്പിച്ച മുറിവുകളാവാം, 'കുട്ടികൾ എന്തു ചെയ്യും?' ( കാവ്യലോകസ്മരണകൾ, 2010 : 465)എന്ന് ആകുലപ്പെടാൻ കാരണമായത്. സ്നേഹവൈകൃതങ്ങളാൽ തമ്മിൽ പരുക്കേറ്റുന്ന ദയനീയരായ ദമ്പതികളായിരിക്കുമ്പോഴും സ്വതന്ത്രലൈംഗികത പോലെ കുട്ടികളെ അനാഥരാക്കുന്ന സാമൂഹിക ദുരന്തങ്ങളെ അദ്ദേഹം പിന്തുണച്ചില്ല.

'പുള്ളിമാനിന്റെ പിറകെ പുലിയെയും വസന്തവായുവിൽ വസൂരിരോഗാണുക്കളെയും ദർശിക്കാതിരിക്കാൻ' (2010:724) തനിക്കാവില്ല' എന്ന് 'വിത്തും കൈക്കോട്ടും' എന്ന കൃതിയിലെഴുതിയ നിബന്ധത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു. ഈ വൈരുദ്ധ്യമാണ് വൈലോപ്പിള്ളിക്കവിതയുടെ ആഴത്തിനു കാരണമായത്. വ്യക്തിജീവിതവും കലാജീവിതവും ഒരുപോലെ സംഘർഷഭരിതമായതിനു കാരണവും ഇതത്രെ. വൈരുദ്ധ്യങ്ങളെ സമന്വയിപ്പിക്കുവാൻ ശ്രമിക്കുന്നു എന്ന തോന്നൽ കവിതയിൽ സൃഷ്ടിക്കുമ്പോഴും വൈലോപ്പിള്ളി എന്ന വ്യക്തി ഒരു വിട്ടുവീഴ്ച്ചയ്ക്കും തയ്യാറല്ലായിരുന്നു എന്നതാണു സത്യം. തന്റെ ധാരണകൾക്കും മുൻവിധികൾക്കും

അനുസരിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെയാണ് ഭാര്യയുമായി അകന്ന താമസിക്കാൻ തുടങ്ങിയെങ്കിലും കാവ്യാംഗനയുമായുള്ള സൈ്വരവേഴ്ചയ്ക്കു ഭംഗം വരാതിരിക്കാനാണ് ഈ ഏകാന്തജീവിതം തെരഞ്ഞെടുത്തതെന്ന് ആ കവിതയും അദ്ദേഹത്തോട് അടുപ്പമുള്ളവരും സാക്ഷിക്കുന്നു. ചെറിയ കാര്യങ്ങൾക്കുപോലും കലഹിച്ച് ഭാര്യയെ തന്നിൽനിന്നും അകറ്റി നിർത്തിയത് കവിതയുമായുള്ള ലയപൂർത്തിയ്ക്കുവേണ്ടിയായിരുന്നു. ഒരുപക്ഷേ, ഈ അകല്ചയായിരിക്കണം സ്ത്രീയെ സംബന്ധിക്കുന്ന വ്യക്തിത്വമുള്ള മനോഹരചിത്രങ്ങൾ മെനയാൻ അദ്ദേഹത്തിനു പ്രേരണയായത് എന്നും കാലം സാക്ഷ്യപ്പെടുത്തുന്നു.

**സഹായകഗ്രന്ഥങ്ങൾ**

വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ,ഭാഗം 1, ഭാഗം 2., കറൻറ് ബുക്സ്, തൃശ്ശൂർ.

എം.പി.ശങ്കുണ്ണിനായർ, കാവ്യുത്പത്തി.

എസ്.രാജശേഖരൻ, കവിതയുടെ ജാതകം.

എം.എൻ.വിജയൻ,'മാമ്പഴം', ജയകേരളം വിശേഷാൽപ്പതിപ്പ്,1956.

ഉണ്ണികൃഷ്ണൻ ചേലേമ്പ്ര, ലില്ലിപ്പൂക്കളും അഗ്നിസ്ഫോടനവും,മാതൃഭൂമി ആഴ്ചപ്പതിപ്പ്,മെയ്(10) 1981.

എം.ലീലാവതി, മനസ്വിനിയും സാവിത്രിയും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാർച്ച് (14) 1982.